ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**

**തിരുവനന്തപുരം**

DTETVM/11517/2024-EC5 (EC) 14-01-2025

**പരിപത്രം .നം 03/2025**

വിഷയം:- വിദ്യാഭ്യാസം സാങ്കേതികം -സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം -2025 പൊതു സ്ഥലം മാറ്റം -വിജ്ഞാപനം സംബന്ധിച്ച്.

സൂചന :- 1)25-02-2017 ലെ സ.ഉ.(പി) നം.03/2017/ഉഭപവ
2)05-4-2018 ലെ സ.ഉ (കൈ ) നം .10/2018/ഉ.ഭ.പ.വ

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ വിവിധ തസ്തികകളിലെ ജീവനക്കാരിൽ നിന്നും പരമർശ സർക്കാർ ഉത്തരവുകൾ പ്രകാരം 2025 ലെ പൊതു സ്ഥലംമാറ്റത്തിൻറെ അപേക്ഷകൾ ഓൺ ലൈൻ മുഖേന ക്ഷണിക്കുന്നു. സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ തീയതികൾ ചുവടെ ചേർക്കുന്നു.

2025 ലെ സ്ഥലംമാറ്റ നടപടികളുടെ ഷെഡ്യൂൾ .

| ക്രമനം | നടപടി | നിർവഹണം | അനുവദിച്ചിരിക്കുന്ന തീയതികൾ |
|---|---|---|---|
| 1 | സർവീസ് റെക്കോഡുകൾ പ്രകാരം SPARK ൽ നല്കിയിരിക്കുന്ന വിവരങ്ങൾ ശരിയാണോ എന്ന് പരിശോധിച്ച് ആവശ്യമായ തിരുത്തലുകൾ വരുത്തുക | സ്ഥാപനങ്ങൾ -DDO/ എസ്റ്റാബ്ലിഷ്മെൻറ് യൂസർ -SPARK | 17-01-2025 ന മുൻപായി |
| 2 | SPARK ലെ അപ്ഡേഷൻ (1) 2025 ൽ SPARK വഴി പുതുതായി പൊതുസ്ഥലം മാറ്റം നടത്തുന്ന തസ്തികയിലുള്ള ജീവനക്കാരുടെ തസ്തികയുടെ പേര് (Designation) കേഡർ എന്നിവ ശരിയായ രീതിയിലാണോ എന്ന് ഉറപ്പ് വരുത്തേണ്ടതും ആവശ്യമെങ്കിൽ മാറ്റി നൽകേണ്ടതുമാണ്.ഓരോ കേഡറിലും(സ്ഥലം മാറ്റാവുന്ന തസ്തി കകളുടെ ഗ്രൂപ്പ് | സ്ഥാപനങ്ങൾ -DDO/ എസ്റ്റാബ്ലിഷ്മെൻറ് യൂ | 18-01-2025 മുതൽ 23- |

| | | | |
|---|---|---|---|
| | )അനുവദിച്ചിരിക്കുന്ന തസ്തികക ളുടെ എണ്ണവും (Sanctioned Pos t) അതിലെ ജീവനക്കാരുടെ എ ണ്ണവും ഒഴിവുകളും കൃത്യമായി പ രിശോധിച്ച് ഉറപ്പ് വരുത്തുക<br>(ii) ജീവനക്കാർ ആവശ്യപ്പെടുന്ന തിരുത്തലുകൾ സമർപ്പിച്ചിരിക് കുന്ന രേഖകൾ പ്രകാരം ആവ ശ്യമെങ്കിൽ SPARK ൽ തിരുത്ത ി നൽകുക . | സർ -SPARK | 01-2025 വരെ |
| 3 | SPARK ൽ നല്കിയിരിക്കുന്ന ഡാ റ്റ പരിശോധിച്ച് തിരുത്തൽ വേ ണ്ട പക്ഷം ആവശ്യമായ രേഖ കൾ ഉൾപ്പെടെ സ്ഥാപന മേധ ാവിക്ക് അപേക്ഷ സമർപ്പിക്കുക . | ജീവനക്കാർ | 18-01-2025 മുതൽ 23-01-2025 വരെ |
| 4 | ജീവനക്കാരുടെ ഡാറ്റയിൽ ആ വശ്യമായ തിരുത്തലുകൾ വരു ത്തുക .ഡാറ്റാ ലോക്ക് ചെയ്യുക | സ്ഥാപനങ്ങൾ -DDO/ എസ്റ്റാബ്ലിഷ്മെൻറ് യൂ സർ -SPARK | 18-01-2025 മുതൽ 25-01-2025 വരെ |
| 5 | പൊതു സ്ഥലം മാറ്റഅപേക്ഷ SPARK വഴി ഓൺലൈൻ ആ യി സമർപ്പിക്കുക | ജീവനക്കാർ | 27-01-2025 മുതൽ 06 -02-2025 വരെ |
| 6 | ഓൺലൈൻ ആയി സമർപ്പിച്ച അപേക്ഷയുടെ ഒപ്പിട്ട പകർപ്പ് ( അനുബന്ധ രേഖകൾ സഹിതം ) സ്ഥാപന മേധാവിക്ക് സമർപ്പി ക്കുക | ജീവനക്കാർ | 27-01-2025 മുതൽ 06 -02-2025 വരെ |
| 7 | ജീവനക്കാരിൽ നിന്നും ലഭിച്ച സ് ഥലംമാറ്റ അപേക്ഷകൾ പരിശ ോധിച്ച് തീരുമാനം എടുക്കുക | സ്ഥാപനങ്ങൾ -DDO/ സ്ഥാപന മേധാവി. | 27-01-2025 മുതൽ 07-02-2025 വരെ |
| 8 | (i) ജീവനക്കാർ സമർപ്പിച്ച അപ േക്ഷകൾ, സാങ്കേതിക വിദ്യാഭ് യാസ വകുപ്പിലേക്ക് ഓൺ ലൈ ൻ ആയി ഫോർവേർഡ് ചെയ്യു ക /നിരാകരിക്കുക<br>(ii) ഡി ടി ഇ ഓഫീസിലേക്ക് അ യക്കാൻ നിഷ്കർഷിച്ചിരിക്കുന്ന അപേക്ഷയുടെ ഹാർഡ് കോപ്പി | സ്ഥാപനങ്ങൾ -DDO/ സ്ഥാപന മേധാവി. | 27-01-2025 മുതൽ 07-02-2025 വരെ |

| | | | |
|---|---|---|---|
| | (ബന്ധപ്പെട്ട രേഖകൾ സഹിതം )സ്ഥാപന മേധാവിയുടെ remarks രേഖപ്പെടുത്തി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ എത്തിക്കുക . | | |
| 9 | സ്ഥാപനങ്ങൾ ഫോർവേർഡ് ചെയ്ത ഓൺലൈൻ അപേക്ഷകൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ സ്വീകരിക്കുക /നിരാകരിക്കുക | State Level Officer-SPARK General Transfer 2025 | 27-01-2025 മുതൽ 08-02-2025 വരെ |
| 10 | അനുകമ്പാർഹമായ കാരണങ്ങളാലുള്ള സ്ഥലം മാറ്റ അപേക്ഷകൾപൊതു താൽപര്യാർത്ഥമുള്ള സ്ഥലം മാറ്റങ്ങൾ ,കോടതി വിധിയുടെ അടിസ്ഥാനത്തിലുള്ള സ്ഥലം മാറ്റങ്ങൾ ,നിർബന്ധിത സ്ഥലം മാറ്റങ്ങൾ (അച്ചടക്ക നടപടികളുടെ അടിസ്ഥാനത്തിലുള്ളതുൾപ്പടെ ) എന്നിവയിൽ തീർപ്പ് കൽപ്പിക്കുക . | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ -ബന്ധപ്പെട്ട സെക്ഷൻ /Transferring authority/ഡയറക്ടർ/State Level Officer in SPARK | 15-02-2025 |
| 11 | പൊതു സ്ഥലം മാറ്റത്തിൻ്റെ കരട് ലിസ്റ്റ് പ്രസിദ്ധീകരിക്കുക | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ബന്ധപ്പെട്ട സെക്ഷൻ/Transferring authority/Director/State Level Officer in SPARK | 20/02/2025 ന മുൻപായി |
| 12 | പൊതു സ്ഥലം മാറ്റത്തിൻറെ കരട് ലിസ്റ്റിൻമേൽ പരാതിയുള്ള പക്ഷം പരാതി സമർപ്പിക്കുക | ജീവനക്കാർ | പൊതു സ്ഥലം മാറ്റത്തിൻറെ കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ച ഒരാഴ്ചയ്ക്കകം. |
| 13 | പരാതികൾ പരിശോധിച്ച് തീർപ്പാക്കി പൊതു സ്ഥലം മാറ്റത്തിൻറെ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുക . | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ -ബന്ധപ്പെട്ട സെക്ഷൻ /Transferring authority/ഡയറക്ടർ/State Level Officer in SPARK | 31-03-2025 ന മുൻപായി |

ഓൺലൈൻ പൊതു സ്ഥലം മാറ്റത്തിനുള്ള അപേക്ഷ SPARK പോർട്ടൽ (https://www.spark.gov.in/webspark) വഴി ഷെഡ്യൂളിൽ നൽകിയിരിക്കുന്ന നിർദ്ദിഷ്ട തീയതിക്ക് മുൻപായി ഓൺലൈ

ൻ ആയും ഒപ്പിട്ട കോപ്പി (Signed printout) ബന്ധപ്പെട്ട രേഖകളോട് കൂടി സ്ഥാപന മേധാവിക്കും ജീവനക്കാർ നല്കേണ്ടതാണ്.അനുകമ്പാർഹമായ കാരണങ്ങളാൽ അപേക്ഷ നൽകുന്ന ജീവന ക്കാരും കോടതി വിധി പ്രകാരം സ്ഥലം മാറ്റം അപേക്ഷിക്കുന്ന ജീവനക്കാരും പ്രഥമഗണനീയ വി ഭാഗത്തിൽപെട്ട ജീവനക്കാരും അപേക്ഷയോടൊപ്പം തങ്ങളുടെ അവകാശം (claim) സ്ഥിരീകരി ക്കുന്ന രേഖകളും നിർദ്ദിഷ്ട തീയതിക്ക് മുൻപായി സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ടതാണ് . സ്ഥാപന മേധാവി ജീവനക്കാർ സമർപ്പിച്ച അപേക്ഷകളും രേഖകളും പരിശോധിച്ച് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറെ അറിയിക്കുന്നതിനായി അഭിപ്രായം (remarks) രേഖപ്പെടുത്തി അയക്കു ന്നതിന് (forward) ശിപാർശ ചെയ്യുകയോ, നിരസിക്കാൻ മതിയായ കാരണങ്ങളുണ്ടെങ്കിൽ നി രസിക്കുകയോ ചെയ്യാവുന്നതാണ് . ഓൺലൈൻ ആയി ലഭിച്ചിരിക്കുന്ന എല്ലാ അപേക്ഷകളും ,മ േൽ നിർദ്ദേശിച്ചിരിക്കുന്ന SPARK പോർട്ടലിലൂടെ ഓൺലൈൻ ആയി നിർദ്ദിഷ്ട തീയതിക്ക് മുൻ പായി ഈ കാര്യാലയത്തിലേക്ക് ഫോർവേഡ് ചെയ്യേണ്ടതാണ് .അനുകമ്പാർഹമായ കാരണങ് ങളാലുള്ള അപേക്ഷ കളും കോടതിവിധി പ്രകാരം സ്ഥലം മാറ്റത്തിനുള്ള അപേക്ഷകളും (ഒപ്പിട്ട പകർപ്പ്) സ്ഥാപന മേധാവിയുടെ അഭിപ്രായത്തോടും അപേക്ഷകൻ സമർപ്പിച്ചിരിക്കുന്ന അനു ബന്ധ രേഖകളോടൊപ്പം നിർദ്ദിഷ്ട തീയതിക്ക് മുൻപായി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേ റ്റിൽ എത്തിക്കേണ്ടതാണ് .മറ്റ് അപേക്ഷകളും അനുബന്ധ രേഖകളും സ്ഥാപനത്തിൽ തന്നെ സൂക്ഷിക്കേണ്ടതും ആവശ്യപ്പെടുന്ന പക്ഷം മാത്രം അയച്ചുതരേണ്ടതുമാണ്. പൊതു സ്ഥലം മാറ്റവു മായി ബന്ധപ്പെട്ട് കരട് ലിസ്റ്റുകളും ഉത്തരവുകളും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൻറെ വെബ് സൈറ്റിൽ(www.dtekerala.gov.in) പ്രസിദ്ധീകരിക്കുന്നതാണ്.സ്ഥലംമാറ്റ നടപടിക്രമങ്ങൾ നിശ് ചയിച്ചിരിക്കുന്ന കാലയളവിനുള്ളിൽ സമയ ബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ് .

സംശയ നിവാരണത്തിനായി 0471-2561300 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ് .

SHALIJ P R
DIRECTOR

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ DDO-മാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖേന).
2. പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ((www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖേന).
3. കോൺ ഫിഡൻഷ്യൽ അസ്സിസ്റ്റൻറ് (സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ,സീനിയർ ജോയിൻറ് ഡയറക് ടർ (ഇ സി എസ്),സീനിയർ ജോയിൻറ് ഡയറക് ടർ (പി എസ്) സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ,സീനിയർ ഫിനാൻസ് ഓഫീസർ

4 അഡ്മിനിസ്ട്രേറ്റിവ് അസ്സിസ്റ്റൻറ് I & II
5 IT ഡിവിഷൻ ഉദ്യോഗസ്ഥർ
6 ജീവനക്കാര്യം EA,EB EC & ED

Signed by
Shalij P R
Date: 14-01-2025 09:17:04